സമഗ്ര ഗുണമേന്മാ
വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ജി.ജി.എൽ.പി.എസ്

എറണാകുളം

# ആമുഖം

1943 മുതൽ എറണാകുളത്തിന്റെ ഹൃദയഭാഗത്ത് സാംസ്കാരികപാരമ്പര്യത്തോടെ തലയുയർത്തി നിൽക്കുന്ന വിദ്യാലയമായ ജി.ജി. എൽ.പി.എസ് എറണാകുളം അക്കാദമിക രംഗത്ത് വളരെയധികം മുന്നോട്ട് പോയ്ക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഔപചാരികചട്ടക്കൂടിൽ ഒതുങ്ങാതെ കുട്ടികളുടെ ഭൗതികവും മാനസികവും സാംസ്കാരികവുമായ വികാസം, നേതൃത്വശേഷി, വികാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന വിദ്യാഭ്യാസരീതിയാണ് ഈ വിദ്യാലയത്തിൽ സ്വീകരിച്ചിട്ടുള്ളത്. ജനാധിപത്യം, പരിസ്ഥിതിസംരക്ഷണം, ലിംഗസൗഹൃദം, സാമൂഹ്യനീതി, മതേതരത്വം, മാനവികത എന്നീ മൂല്യങ്ങളിൽ അടിയുറച്ച് കൊണ്ട് ഗുണമേന്മയേറിയ വിദ്യാഭ്യാസം ഉറപ്പാക്കി പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക എന്ന കാഴ്ചപ്പാടോടുകൂടി മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം.

സ്കൂളിനെ സംബന്ധിച്ചിടത്തോളം 2025 - 2026 അധ്യയനവർഷം ഏറ്റവും സജീവമായ, മികവാർന്ന അധ്യയനവർഷമായി മാറ്റാൻ വേണ്ട പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 30 കുട്ടികൾ നവാഗതരായി എത്തി. സ്കൂളിൽ ആകെ 107 കുട്ടികളും പ്രധാനാധ്യാപകൻ അടക്കം 6 അധ്യാപകരും, ഒരു അധ്യാപകേതര ജീവനക്കാരിയും ഒരു പാചകത്തൊഴിലാളിയും പ്രവർത്തിക്കുന്നുണ്ട്.

എറണാകുളം URC യിൽ നിന്നും W.E, Special Education എന്നിവയിൽ 2 അധ്യാപകരുടെ സേവനവും ലഭ്യമാണ്.

പഠനോപകരണങ്ങൾക്ക് മുൻതൂക്കം നൽകിയും ഐ.സി.ടി സാധ്യത എല്ലാ ക്ലാസിലും ഉപയോഗപ്പെടുത്തിയുമാണ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. കലാ-കായിക പ്രവൃത്തി പരിചയ വേളകളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

ഹൈടെക് രീതിയിൽ അധ്യാപനം നടത്തിവരുന്ന നമ്മുടെ വിദ്യാലയത്തിൽ മൂന്ന് Interactive classrooms ഉണ്ട്. കുട്ടികളുടെ പഠനത്തിനാവശ്യമായ ലാപ്ടോപ്പുകളും പ്രൊജക്ടറുകളും സ്പീക്കറുകളും സ്കൂളിൽ ഉണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| * സ്ഥാപിതം | : | 1943 |
| * സ്കൂൾ കോഡ് | : | 26202 |
| * യുഡൈസ് കോഡ് | : | 32080303323 |
| * റവന്യൂ ജില്ല | : | എറണാകുളം |
| * വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| * ഉപജില്ല | : | എറണാകുളം |
| * ലോകസഭാമണ്ഡലം | : | എറണാകുളം |
| * നിയമസഭാമണ്ഡലം | : | എറണാകുളം |
| * താലൂക്ക് | : | Kanayanoor |
| * തദ്ദേശസ്വയംഭരണസ്ഥാപനം | : | കൊച്ചി കോർപ്പറേഷൻ |
| * സ്കൂൾ ഭരണ വിഭാഗം | : | സർക്കാർ |
| * സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| * പഠന വിഭാഗങ്ങൾ | : | എൽ. പി |
| * സ്കൂൾ തലം | : | 1 മുതൽ 4 വരെ |
| * മാധ്യമം | : | മലയാളം/English |
| * ആൺകുട്ടികൾ | : | 33 |
| * പെൺകുട്ടികൾ | : | 74 |
| * ആകെ വിദ്യാർത്ഥികൾ | : | 107 |
| * അദ്ധ്യാപകർ | : | 6 |

* പ്രധാന അദ്ധ്യാപിക : സാലി ജോസഫ്
* പി.ടി.എ പ്രസിഡന്റ് : ബിജു പി.എൻ
* എം.പി.ടി.എ പ്രസിഡന്റ് : ബിജി [illegible]
* ഇമെയിൽ : gglpsekm@gmail.com

# ദർശനം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമായ പഠനപ്രവർത്തനങ്ങളാണ് ഈ വർഷത്തിൽ നമ്മൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ സമഗ്രഗുണമേന്മാവർഷത്തിൽ കുട്ടിയുടെ സമഗ്ര വികാസം തന്നെയാണ് നമ്മുടെ വിദ്യാലയവും ലക്ഷ്യം വെയ്ക്കുന്നത്.

# അവസ്ഥാവിശകലനം

## ★ ഭൗതികം

വിദ്യാലയത്തിൽ 3 ഇന്ററാക്ടീവ് ക്ലാസ്മുറികൾ ഉൾപ്പെടെ 7 ക്ലാസ്മുറികൾ ഉണ്ട്. കുട്ടികളുടെ ഫലപ്രദമായ അധ്യയനത്തിന് ഈ ക്ലാസ്മുറികൾ പര്യാപ്തമാണ്.

## ★ അക്കാദമികം

അക്കാദമികരംഗത്ത് മികവു പുലർത്തുന്ന ഒരു വിദ്യാലയമാണിത്. വിവിധ ക്ലാസുകളിലായി അന്യ-ഭാഷാവിദ്യാർഥികളും പ്രത്യേക പരിഗണന അർഹിക്കുന്ന 5 വിദ്യാർഥികളുമുണ്ട്. 5 കുട്ടികൾക്ക് special educator-ന്റെ സേവനം ലഭ്യമായി വരുന്നു.

## ★ പോരായ്മകൾ

- മലയാളം - എഴുതുന്നതിലും വായിക്കുന്നതിലും ധാരാളം കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- ഇംഗ്ലീഷ് - അന്യവിദ്യാർഥികളോടെ പറയാനും ആശയവിനിമയം നടത്തുന്നതിലും പോരായ്മ അനുഭവപ്പെടുന്നു.
- മലയാള അക്ഷരങ്ങളിലെ സ്വരചിഹ്നങ്ങളുടെ പ്രയോഗം കൃത്യമായ ധാരണയോടെയല്ല.

- എല്ലാ സഹപാഠികളെയും സമഭാവത്തോടെ കാണുവാൻ പല കുട്ടികൾക്കും സാധിക്കുന്നില്ല.

- പ്രത്യേക പരിഗണന അർഹിക്കുന്ന ഓട്ടിസം പോലെയുള്ള കുട്ടികൾക്കായി അധ്യാപകരെ കൂടുതൽ ദിവസം അനുവദിക്കണം.

- കായികാധ്യാപകരുടെ സേവനം സ്കൂളുകളിൽ ലഭ്യമാക്കണം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* വായനാ പരിപോഷണം
* നാടകക്കളരി
* പഠനയാത്രകൾ
* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
* പ്രവൃത്തി പരിചയപഠനം
* എസ്. ആർ. ജി ശാക്തീകരണം
* പോഷകാഹാര പരിപാടി
* ദിനാചരണം

| ക്ര. നമ്പർ | മേഖല | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | ചുമതല |
|---|---|---|---|---|---|---|---|
| 1. | ഭൗതികം | കളിമുറ്റം | കുട്ടികളുടെ കായികശേഷി മെച്ചപ്പെടുത്തുന്നതിനും മാനസിക ഉല്ലാസത്തിനും ഉള്ള സുരക്ഷിതമായ ഇടം ഒരുക്കുക. | സ്കൂൾ കളിസ്ഥലം ഒരുക്കുക. | | 2 വർഷം | പി.ടി.എ, തദ്ദേശ സ്വയംഭരണസ്ഥാപനം |
| 2. | അക്കാദമികം | അക്ഷരകളരി | എഴുതാനും വായിക്കാനും അറിയാത്ത 2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുള്ളവരാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഉറപ്പിക്കൽ പ്രവർത്തനം. അക്ഷരകാർഡ്, അക്ഷരചിത്രം, അക്ഷരപാട്ട്, അക്ഷരകഥകൾ, പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പൂർണ്ണ പ്രവർത്തനങ്ങൾ. | | 2025-2026 | അധ്യാപകർ |
| 3. | അക്കാദമികം | വായനാക്കൂട്ടം | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി സ്കൂൾ ലൈബ്രറിയിൽ അനുയോജ്യ പുസ്തകങ്ങൾ ഒരുക്കി വായനക്കൂട്ടം – പുസ്തക ചർച്ചയും, കവിത-കഥാ അവതരണം നടത്തി കുറിപ്പു തയ്യാറാക്കൽ. | ക്ലാസിൽ വായന-ചർച്ച, പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ബാലസഭയിൽ അവതരിപ്പിക്കൽ. കഥ, കവിത മുതലായവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം. | | 2025-2026 | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | അക്കാ-ദമികം | അറിവുത്സവം | പത്രവാർത്തകൾ, ആനുകാലികങ്ങൾ വായിച്ച് അറിവു നേടുക. ക്വിസ് മത്സരങ്ങൾ - എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നതവിജയം നേടുക | ക്ലാസ് ലൈബ്രറി ശാക്തീ-കരണം - പത്രക്വിസ്, ക്വിസ് മത്സരം എല്ലാ ആഴ്ചയിലും നടത്തി വിജയി കളെ കണ്ടെത്തൽ | | വർഷം മുഴുവൻ | അദ്ധ്യാ-പകർ |
| 5. | " | ഗണിത കേളി | ഗണിതാശയങ്ങൾ ഗ്രഹി-ക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവുതൂക്കങ്ങൾ അറി-യുന്നതിനുമുള്ള ആശയങ്ങൾ അവസരമൊരുക്കൽ | മൂർത്തവസ്തുക്കൾ, ചിത്ര-ങ്ങൾ ഉപയോഗിച്ച് അളവു-തൂക്കം പരിചയപ്പെടൽ നീളം അളക്കൽ, വണ്ണം അളക്കൽ, കളിചന്ത തുടങ്ങി വൈവിധ്യമാർന്ന ക്ലാസ് പ്രവ-ർത്തനങ്ങൾ ഒരുക്കുന്നു. | | " | " |
| 6. | " | 'Speak with Me' Spoken English Programme | കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കപ്പെട്ട പ്രത്യേക പരിപാടി - ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും കഴിവ് വർദ്ധിപ്പിക്കുന്നു. | കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗങ്ങൾ [Cartoon model] ഒരുക്കൽ. Spoken English ന് പ്രാധാന്യം നൽകുന്ന പരിപാടി - ഡ്രാമ, റോൾപ്ലേ പ്രവർത്തന-ങ്ങൾ ഒരുക്കുന്നു. | | " | " |

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | " | ഇംഗ്ലീഷ് അസംബ്ലി | അടിസ്ഥാന ഭാഷാശേഷി കൂടാൻ | New Reading, Book Reading, Speech, Thoughts [Once in a week] | | " | " |
| 8. | " | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനും ഉള്ള പദ്ധതി. | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം അമ്മമാരുടെ സഹായത്തോടെ ആഴ്ചയിൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകൽ. നാടൻ വിഭവ പ്രദർശനം. പോഷകസമൃദ്ധമായ ഭക്ഷണവിഭവങ്ങൾ ഒരുക്കൽ. | | " | " |
| 9. | " | മാസ്ഡ്രിൽ – മാനസികാരോഗ്യ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ മാസ്ഡ്രിൽ, കായികവിനോദ, കളികൾ തുടങ്ങിയവയിലൂടെ മാനസികാരോഗ്യവും കായിക ക്ഷമതയും വർദ്ധിപ്പിക്കുക. | കായികാധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിനും മാസ്ഡ്രിൽ കളി പരിശീലനം [നാടൻ കളികൾ] കായിക ക്വിസ് സംഘടിപ്പിക്കൽ | | " | " |

| | | | | | | | |
|---|---|---|---|---|---|---|---|
| 10. | " | അറിവ് വർദ്ധന, ഓർമ്മ വർദ്ധന | മലയാള സാഹിത്യത്തിലെ കാവ്യങ്ങൾ വായിക്കുകയും വ്യാഖ്യാനമാക്കുകയും ചെയ്യുന്നു. | കുട്ടികളെക്കൊണ്ട് ഓരോ മലയാള സാഹിത്യത്തിലെ കാവ്യങ്ങൾ വായിപ്പിക്കുകയും പ്രസിദ്ധ വ്യാഖ്യാനമാക്കുകയും ചെയ്യുന്നു. | | " | " |
| 11. | " | പാവ നാടക പരിശീലന ശില്പശാല | കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അവയുടെ അവതരണവും | | " | " |
| 12. | " | ദിനാചരണങ്ങൾ | വിവിധമേഖലകളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തുന്ന പ്രവർത്തനങ്ങൾ എസ്. ആർ. ജി-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | " | " |